(സി) "സ്വന്തംവീട്" എന്ന സർക്കാറിന്റെ പ്രഖ്യാപിത നയത്തിന് വിരുദ്ധമാണ് പ്രസ്തുത നടപടിയെന്നറിയുമോ;

(ഡി) റോഡ് വീതികൂട്ടുന്നതിനുള്ള പദ്ധതികൾ നാലുകൊല്ലത്തിനുള്ളിൽ ഏറ്റെടുത്ത് നടത്താനായില്ലെങ്കിൽ, കാലഹരണപ്പെടുന്നതായി പ്രഖ്യാപിക്കാനും ഇവമൂലം നിരസിക്കപ്പെട്ടതോ നിരസിക്കപ്പെടുന്നതോ ആയ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ വീണ്ടും പരിഗണിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ അംഗീകരിച്ച നഗരാസൂത്രണ പദ്ധതികളിൽ നിർദ്ദേശിച്ചിട്ടുള്ള റോഡ് പദ്ധതികൾ പരിഗണിച്ചാണ്, കെട്ടിടനിർമ്മാണത്തിനുള്ള അനുമതി നഗരസഭകളും വികസന അതോറിറ്റികളും നൽകുന്നത്. പ്രസ്തുത പദ്ധതികളിൽ റോഡ് വീതി കൂട്ടുന്നതിന് ഉദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് സ്വാഭാവികമായും കെട്ടിടനിർമ്മാണം അനുവദിക്കാൻ സാധിക്കുകയില്ല.

(ബി) ഭൂമി വാങ്ങിക്കുമ്പോൾതന്നെ നഗരാസൂത്രണ പദ്ധതി അനുസരിച്ചും കെട്ടിടനിർമ്മാണചട്ടങ്ങൾ അനുസരിച്ചും കെട്ടിടം നിർമ്മിക്കാൻ സാധിക്കുന്ന ഭൂമിയാണോ എന്ന് പരിശോധിച്ചിട്ട് വാങ്ങിക്കേണ്ടതാണ്. ഇത് ഭൂമി വാങ്ങുന്ന ആളിന്റെ ചുമതലയാണ്.

(സി) റോഡ് വീതികൂട്ടുന്നതോ അതിലേക്കുവേണ്ടി ആവശ്യമുള്ള പദ്ധതികൾ നഗരാസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതോ യാതൊരു സർക്കാർ നയത്തിനും വിരുദ്ധമല്ല. റോഡ് വീതി കൂട്ടുന്നതിന് ആവശ്യമായ സ്ഥലത്ത് കെട്ടിടനിർമ്മാണം അനുവദിക്കുന്നത് നഗരങ്ങളുടെ ഭാവി വികസനത്തെ പ്രതികൂലമായി ബാധിക്കും.

(ഡി) സംസ്ഥാനത്തിലെ എല്ലാ പട്ടണങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും റോഡുകൾ വീതികൂട്ടുന്നതിനുള്ള പദ്ധതികൾ നാലുകൊല്ലത്തിനുള്ളിൽ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കുകയില്ല. നഗരമദ്ധ്യത്തുള്ള റോഡുകളുടെ വീതി കൂട്ടുന്നതുപോലുള്ള പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് പത്തോ പതിനഞ്ചോ വർഷംകൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ. പദ്ധതിരേഖ തയ്യാറാക്കി അംഗീകരിച്ചതിനുശേഷം കെട്ടിട നിർമ്മാണ നിയന്ത്രണങ്ങൾ കൊണ്ടുവരികയും കാലപ്പഴക്കംകൊണ്ട് പുനർനിർമ്മിക്കേണ്ട കെട്ടിടങ്ങൾ പത്തോ പതിനഞ്ചോ കൊല്ലംകൊണ്ട് നിലവിലുള്ള റോഡരികിൽ നിന്നും മാറ്റി നിർമ്മിക്കുകയും ചെയ്തതിനുശേഷം മാത്രം റോഡ് വീതി കൂട്ടുന്ന പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിലുള്ള കെട്ടിടങ്ങളെയും കച്ചവടസ്ഥാപനങ്ങളെയും മുഴുവൻ പ്രതികൂലമായി ബാധിക്കാതെയും വലിയ പ്രയാസം കൂടാതെയും റോഡ് വീതി കൂട്ടാൻ സാധിക്കുന്നതാണ്. എന്നിരുന്നാലും ഏതെങ്കിലും നഗരാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡു വികസന പദ്ധതിയോ മറ്റു നിർദ്ദേശങ്ങളോ പ്രായോഗികമല്ല എന്നു കാണുന്നപക്ഷം പ്രസ്തുത നിർദ്ദേശം അഥവാ സ്കീം തന്നെ മാറ്റുവാനും സാധിക്കുന്നതാണ്.

കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷകൾ

129 (2927)ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷകളിൽ ത്വരിതഗതിയിൽ തീരുമാനമെടുക്കുന്നതിന് ഏകജാലക സംവിധാനം നിലവിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നശേഷം കൊച്ചിൻ കോർപ്പറേഷനിൽ ഇതേവരെ എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട്;

(ബി) അതിൽ എത്രയെണ്ണത്തിൽ നിർദ്ദേശിക്കപ്പെട്ട കാലാവധിക്കു ള്ളിൽ അനുമതി നൽകിയിട്ടുണ്ട്;

(സി) ഇതേവരെ അനുമതി നൽകിയിട്ടില്ലാത്ത എത്ര അപേക്ഷക ളുണ്ട്; അനുമതി നൽകാതെ ശേഷിക്കുന്നതിൽ ഏറ്റവും ആദ്യം ലഭിച്ച അപേക്ഷ സമർപ്പിച്ച് തീയതി എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) തകരാറുള്ള അപേക്ഷകളിൽ അത് പരിഹരിക്കുന്നതിനുള്ള അറിയിപ്പ് അപേക്ഷകന് നൽകുന്നതിന് സംവിധാനമുണ്ടോ;

(ഇ) 1999-ൽ ഏപ്രിൽ 30 വരെ സമർപ്പിച്ച അപേക്ഷകളിൽ തീരുമാ നമാകാതെ എത്ര അപേക്ഷകളുണ്ട്; അറിയിപ്പ് നൽകാത്ത എത്ര കേസുകൾ ഉണ്ട്;

(എഫ്) അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ അനാവശ്യ കാല താമസം വരുത്തുന്നവരെ കണ്ടെത്താൻ ഏകജാലക സംവിധാനത്തിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ജി) ഇപ്രകാരം കണ്ടെത്തിയ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 5196 എണ്ണം

(ബി) 4859 എണ്ണം

(സി) 203 എണ്ണം. ശേഷിക്കുന്നതിൽ ആദ്യ അപേക്ഷ 27.2.1997-ൽ ലഭിച്ചു.

(ഡി) ഉണ്ട്.

(ഇ) 63 എണ്ണം. ഇല്ല.

(എഫ്) നിലവിലുള്ള സംവിധാനമല്ലാതെ പ്രത്യേക സംവിധാനം ഇല്ല.

(ജി) ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വികസന അതോറിറ്റികളുടെ പ്രവർത്തനം

130 (2928)ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികസന അതോറിറ്റികളുടെ പ്രവർത്തനം പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ വെളി പ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏതെല്ലാം വികസന അതോറിറ്റികൾ ഉടനടി നിർത്തലാക്കാം, ഏതെങ്കിലും അതോറിറ്റി താൽക്കാലികമായി നിലനിറുത്തേണ്ടതുണ്ടോ, എങ്കിൽ എത്ര കാലത്തേക്ക്. പ്രത്യേക പരിഗണന അർഹിക്കുന്ന പ്രദേശ ങ്ങൾക്കായുള്ള വികസന അതോറിറ്റികൾ ആവശ്യമാണോ; നിർത്തലാക്കുന്ന വികസന അതോറിറ്റികളുടെ ആസ്തി-ബാദ്ധ്യതകൾ എങ്ങനെ തദ്ദേശ സ്വയം

LIBRARY ARCHIVES Kerala Legislative Assembly